**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 962** **10-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയുടെ കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ഭൂമിയുടെ കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിനും കയ്യേറ്റമുള്ള പക്ഷം കൈയ്യേറ്റക്കാരുടെ പദവി നോക്കാതെ പൂർണ്ണമായും ഭൂമി തിരിച്ച് പിടിക്കുമെന്നുമുള്ള ഗവൺമെന്റ് പ്രഖ്യാപനം പ്രാബല്യത്തിലാക്കാനാകുമെന്ന് കരുതുന്നുണ്ടോ; | (എ) | സർക്കാർ ഭൂമി കയ്യേറ്റുന്നതിനെതിരെ 1957 ലെ കേരള ഭൂസംരക്ഷണ നിയമവും 1958 ലെ അനുബന്ധ ചട്ടവും 2009 ലെ ഭേദഗതി നിയമ പ്രകാരവും ഉള്ള നിയമാനുസൃത നടപടികളിലൂടെ കയ്യേറ്റ ഭൂമി ഒഴിപ്പിച്ച് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ഭൂമിയുടെ കയ്യേറ്റം പൂർണ്ണമായും തടയുന്നതിനും കയ്യേറ്റക്കാരുടെ പദവി നോക്കാതെ പൂർണ്ണമായും ഭൂമി തിരിച്ചുപിടിക്കുമെന്നുള്ള ഗവൺമെന്റ് പ്രഖ്യാപനം നടപ്പിലാക്കാനാകുമെന്ന് കരുതുന്നു. |
| (ബി) | 2016 മുമ്പും അതിന് ശേഷവും എവിടെയെല്ലാം കൈയ്യേറ്റം കണ്ട് പിടിച്ചിട്ടുണ്ട് ; കൈയ്യേറ്റം കണ്ടെത്തിയവയിൽ എവിടെയെല്ലാം ഒഴിപ്പിക്കാനായിട്ടുണ്ട്; ഒഴിപ്പിച്ചവയുടെ വിശദവിവരം വെളിപ്പെടുത്തുമോ; ഒഴിപ്പിക്കപ്പെട്ടയിടങ്ങളിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | 2016 നു മുമ്പും അതിന് ശേഷവും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും സർക്കാർ ഭൂമികളിന്മേൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റ ഭൂമിയുടെയും ഒഴിപ്പിച്ച ഭൂമിയുടെയും വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. കയ്യേറ്റം ഒഴിപ്പിച്ച ചില കേസുകളിൽ ഭൂ ഉടമകൾ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും അത്തരം കേസുകളിൽ സർക്കാർ ഭാഗം സംരക്ഷിച്ചുകൊണ്ടുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റം ഒഴിപ്പിച്ച മറ്റു കേസുകളിൽ ബന്ധപ്പെട്ട ഭൂമിയിൽ സർക്കാർ വക എന്നുള്ള ബോർഡുകൾ സ്ഥാപിച്ച് തുടർന്നും കൈയ്യേറ്റം ഉണ്ടാകാതെ സംരക്ഷിച്ചു പോരുന്നു. |
| (സി) | ഭരണസിരാകേന്ദ്രത്തിന് അരികിലായി തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിലെ നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കൈയ്യേറിയ സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചെടുക്കുന്നതിന് കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് സാധിച്ചിട്ടില്ലെങ്കിലും ആയത് പൂർണ്ണമായും ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (സി) | തലസ്ഥാന നഗരിയിലെ കിഴക്കേകോട്ടയിലെ നോർത്ത് ബസ് സ്റ്റാന്റിനു പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കയ്യേറിയ സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ